"ഭരണഭാഷ - മാതൃഭാഷ"

നം. ICDS-A6-37636/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 18/05/2018
ഇ മെയിൽ : swdicds@gmail.com
ഫോൺ നം: 0471- 2346534.

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - PMMVY ധനസഹായം- അക്കൗണ്ടിൽ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: ശിശു വികസന പദ്ധതി ഓഫീസുകളിൽ നിന്നുള്ള ഫോൺ സന്ദേശം, അപേക്ഷ തുടങ്ങിയവ

പ്രധാനമന്ത്രി മാതൃവന്ദന യോജന പദ്ധതിയിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓരോ ശിശു വികസന പദ്ധതി ഓഫീസിലേയും Data Entry Operator login-ലൂടെ PMMVY-CAS ൽ അപ്ലോഡ് ചെയ്ത് Sanctioning Officer Approve ചെയ്തശേഷം ആധാർ, PFMS വെരിഫിക്കേഷൻ കഴിഞ്ഞാണ് അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം DBT ചെയ്യുന്നത്.

PMMVY Aadhar Based Direct Benefit Transfer ആയതിനാൽ ആധാർ വെരിഫിക്കേഷൻ നിർബന്ധമായും സോഫ്റ്റ് വെയർ നടത്തുന്നുണ്ട്. അതുകൊണ്ട് തന്നെ ബെനിഫിഷറിയുടെ യഥാർത്ഥ പേരും ആധാറിലെ പേരും വ്യത്യാസമുണ്ടെങ്കിൽ PMMVY Software മറ്റെല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ പോലും കറക്ഷൻ ക്യൂവിൽ പോസ്റ്റ് ചെയ്യുന്നു. അത്തരം കേസുകളിൽ ഗുണഭോക്താവിന്റെ ഇ-ആധാർ എടുക്കേണ്ടതും ഇ-ആധാർ അനുസരിച്ച് ബെനിഫിഷറിയുടെ പേര് തിരുത്തേണ്ടതുമാണ്.

PMMVY-CAS-ൽ Payment ആയി എന്ന് മെസ്സേജ് ലഭിച്ചിട്ടും ബെനിഫിഷറിയുടെ അപ്ലോഡ് ചെയ്ത ബാങ്ക് അക്കൗണ്ടിൽ ധനസഹായം DBT ചെയ്തു ലഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അത്തരം കേസുകളിൽ താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ് ധനസഹായം അപേക്ഷയിൽ ആവശ്യപ്പെട്ട അക്കൗണ്ടിൽ ലഭ്യമാക്കാൻ കഴിയാത്തത് എന്നാണ് അറിയുവാൻ കഴിഞ്ഞത്.

a. ബാങ്ക് അക്കൗണ്ട് ബെനിഫിഷറിയുടെ മാത്രം പേരിൽ അല്ലാതിരിക്കുക.
b. ബെനിഫിഷറിക്ക് ആധാറുമായി ലിങ്ക് ചെയ്ത മറ്റൊരു അക്കൗണ്ട് നിലവിലുണ്ടായിരിക്കുകയും ചെയ്യുക. (മുൻപ് എടുത്ത അക്കൗണ്ട്).

രണ്ടാമത് പറഞ്ഞ കേസിൽ ഗുണഭോക്താവിന്റെ മുൻപ് എടുത്ത ആധാറുമായി ലിങ്ക് ചെയ്ത അക്കൗണ്ടിലേക്ക് ധനസഹായം PFMS വഴി DBT ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

മെസ്സേജ് വന്നിട്ടും അപേക്ഷയിൽ കൊടുത്ത അക്കൗണ്ടിൽ പണം ലഭ്യമായിട്ടില്ലെങ്കിൽ മറ്റേതെങ്കിലും അക്കൗണ്ട് നിലവിലുണ്ടെങ്കിൽ ടി അക്കൗണ്ടിൽ DBT ആയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ബെനിഫിഷറിയോട് ആവശ്യപ്പെടുക. കൂടാതെ ഇത്തരം കേസുകളിൽ https://pfms.nic.in എന്ന സൈറ്റിലെ know your payment എന്ന മെനുവിൽ നിന്നും വിശദവിവരം ലഭിക്കുന്നതാണ്. മെനുവിൽ ക്ലിക്ക് ചെയ്ത ബെനിഫിഷറിയുടെ ആധാർ നമ്പർ ഉപയോഗിച്ച് സെർച്ച് ചെയ്ത് payment success / payment failure കേസുകൾ കണ്ടുപിടിക്കുവാൻ കഴിയും. payment success കേസുകളിൽ ധനസഹായം ഏത് ബാങ്കിലെ ഏത് അക്കൗണ്ടിലേക്കാണ് DBT ചെയ്തിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ് ടി വിവരം ഗുണഭോക്താവിനെ അറിയിക്കേണ്ടതും ടിയാന് ടി തുക ലഭിച്ചിട്ടുണ്ടോ എന്നുറപ്പാക്കേണ്ടതുമാണ്. Payment failure-ൽ ആയ കേസുകൾ മാത്രം വകുപ്പ് ഡയറക്ടർക്ക് pmmvykeralahelpdesk@gmail എന്ന മെയിലിൽ അയക്കണമെന്നും അറിയിക്കുന്നു.

പുതിയതായി സ്വീകരിക്കുന്ന പി.എം.എം.വി.വൈ അപേക്ഷകളിൽ അപേക്ഷക ധനസഹായം സ്വീകരിക്കുന്നതിനായി സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് ആധാറുമായി സീഡിംഗ് പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം അപേക്ഷ അപ്പ് ലോഡ് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി**